# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3548** — 12.12.2014 ലെ മറുപടിക്ക്

## നിലം നികത്തിയ സ്ഥലത്ത് മറ്റു കെട്ടിടനിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പെരുങ്കടവിള ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബ്ലോക്ക് നം.35 ൽ തണ്ടപ്പേർ നം.328, റീസർവ്വേ 51/1 ൽ 00.07.00, 51/2 ൽ 00.05.40 ആർ നിലം നികത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) പെരുങ്കടവിള വില്ലേജിൽ റീ സർവ്വേ നമ്പർ 51/1/1, 51/2/1 ഉൾപ്പെട്ട 4 ആർ 0.5 ചതുരശ്ര മീറ്റർ പുരയിടത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആരാണ് പ്രസ്തുത അപേക്ഷ നൽകിയതെന്നും എന്നാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതെന്നും അറിയിക്കുമോ; | (ബി) റൂറൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനുവേണ്ടി അതിന്റെ പ്രസിഡന്റ് ശ്രീ.കെ.സോമൻ നായർ എന്ന ആളാണ് അപേക്ഷ നൽകിയിട്ടുള്ളത്. 22.09.2012 ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടുണ്ട്. |
| (സി) നിലം നികത്തിയ സ്ഥലത്ത് വീടുവയ്ക്കാനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാറുണ്ടോ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് അത്തരത്തിലുള്ള അനുമതിയാണോ നൽകിയിട്ടുള്ളത്; | (സി) അല്ല. |
| (ഡി) നിലം നികത്തിയ സ്ഥലത്ത് മറ്റു കെട്ടിട നിർമ്മാണം നടത്താൻ വ്യവസ്ഥയുണ്ടോ; | (ഡി) ഇല്ല. |
| (ഇ) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ളത് രേഖകൾ പ്രകാരം പുരയിടമായ സ്ഥലത്താണ്. മേൽ സാഹചര്യത്തിൽ പെർമിറ്റ് റദ്ദാക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ